Kerala State Chalachitra Academy
Centre for International Film Research & Archives (CIFRA)
Sathyan Memorial Building, Kinfra Film & Video Park
Sainik School P.O, Kazhakuttom, Thiruvananthapuram
Kerala, India Pincode: 695 585 Tel: +91 471 2754422
email: office@chalachitraacademy.org
website: www.keralafilm.com

cifra CENTRE FOR INTERNATIONAL FILM RESEARCH & ARCHIVES

നം.കെ.എസ്.സി.എ/ജി/99/2025

30.06.2025

<u>പത്രക്കുറിപ്പ്</u>

## ടെലിവിഷൻ അവാർഡ്: ജൂലൈ 15 വരെ അപേക്ഷിക്കാം

2024-ലെ സംസ്ഥാന ടെലിവിഷൻ അവാർഡിന് 2025 ജൂലൈ 15 വരെ അപേക്ഷിക്കാം. **2024 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ** സംപ്രേഷണം ചെയ്തതോ സെൻസർ ചെയ്തതോ ആയ ടെലിസീരിയലുകൾ, ടെലിഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയ പരിപാടികൾ, ഈ കാലയളവിൽ പ്രസാധനം ചെയ്ത ടെലിവിഷൻ സംബന്ധിയായ പുസ്തകങ്ങൾ, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ടെലിവിഷൻ സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക. പരിപാടികൾ **ഹാർഡ്ഡിസ്ക്ക്/പെൻഡ്രൈവ്** എന്നിവയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറവും നിബന്ധനകളും അക്കാദമി വെബ്സൈറ്റായ www.keralafilm.com ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിനുസമീപമുള്ള സ്റ്റാച്ച്യു റോഡിലെ അർച്ചന ബിൽഡിംഗിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ സിറ്റി ഓഫീസിൽ നിന്ന് നേരിട്ടും അപേക്ഷാഫോറം ലഭിക്കുന്നതാണ്.

അപേക്ഷകൾ **2025 ജൂലൈ 15 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അക്കാദമി ഓഫീസിലോ സിറ്റി ഓഫീസിലോ ലഭിക്കേണ്ടതാണ്.

**സി. അജോയ്**
സെക്രട്ടറി